
Lourde Voice
ലൂർദ്ദ് വോയ്സ്
NOV-DEC 2026
LOURDES FORANE CHURCH
GANDHIPURAM, COIMBATORE
www.lourdesforane.com

35 YEARS OF TRUST

Modern Grinder Supplier for Modern World



Table Top Wet Grinder



Vegetable Cutter



Commercial Tilting Grinder
Avalable in 5 to 25 Liters



Commercial Coconut Scrapper



Coventional Tilting Grinder



Commercial Wet Grinder
Avalable in 3 to 20 Liters



Commercial Atta Kneader

BTJ **BEETEX®** INDUSTRIES

808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279,
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com



ലൂർദ്ദ് വോയ്സ്

ഗാന്ധിപുരം, കോയമ്പത്തൂർ
WWW.LOURDESFORANE.COM

പുസ്തകം – 6 നവംബർ – ഡിസംബർ ലക്കം 12

കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട്
6.00നും

കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15.,
10.30,
വൈകിട്ട് 5.30

EDITOR
Fr. Shajan Cheeramban
Ph : 8637623121

SUB EDITOR CUM TRESURER
Fr. Norbert Joby Kavalakkat
Ph : 9400144883

CONVENOR
Mr. Joffy Jose
Ph: 9894187184

SECRETARY
Mrs. Ajimol Antony

EDITORIAL BOARD
Mrs. Deepa Biju
Mrs. Tina Felix
Mrs. Fenila Joju
Ms. Jophila

Accountant
Mr. JHONSON REJI

LOURDE VOICE PRO
Mr. C G Antony
Ph: 9789613531

KAIKKARS
Mr. Paulson C.F.
Mr. Antony K.C.
Mr. Joffy Jose

എഡിറ്റോറിയൽ

ഇടയമൊഴി

Message from Kochachan

ഇടവക വാർത്തകൾ

സംഘടനാവാർത്തകൾ

സഭാവാർത്തകൾ

Catechism News

Kids Corner

Faith Sparks



Editorial

WHEN LOVE BECOMES PRAYER

Remembering Our Departed Loved Ones Through Faith, Love, and Prayer



Tina Felix

The month of November holds a special place in our lives, as we remember our departed loved ones and pray for the repose of their souls. This month gently reminds us to hold them close to our hearts and remember them in our prayers with love and faith.

As Christians, we believe that death cannot sever the bond we share with our departed loved ones in Christ. Their memories remain in our hearts, while our prayers express our continuing love for them and entrust them to God's infinite mercy. Our hope rests in the promise of eternal life, as Jesus assures us: "I am the resurrection and the life. Those who believe in me, even though they die, will live" (John 11:25). Through His Resurrection, Christ gives us hope beyond the grave.

The Catholic Church teaches us about the Communion of Saints, which unites the faithful on earth, the souls undergoing purification in Purgatory, and the saints in heaven in Christ. Praying for our departed loved ones is an expression of this spiritual communion

and of our faith in God's mercy. The Bible offers an example of this practice in 2 Maccabees 12:45: "Therefore he made atonement for the dead, that they might be delivered from their sin." This passage reminds us of the importance of praying for the departed and entrusting them to God's loving mercy, asking Him to grant them forgiveness, peace, and eternal rest.

Family life provides an ideal setting for nurturing this beautiful tradition. When parents teach their children to pray for their departed grandparents and relatives, they pass on a faith that extends across generations. Through the Holy Qurbana, the Rosary, and personal prayers, families can remember their departed loved ones and unite their intentions with the prayers of the Church. These simple yet meaningful practices help children understand that praying for the departed is an expression of faith, compassion, and Christian love.

Even in our sorrow, we find consolation in God's unfailing love. May our homes become places where faith is nurtured, memories are cherished with gratitude, and prayer brings comfort in times of loss.

Let us dedicate this month especially to praying for our departed loved ones, for those who have no one to remember them, and for all the souls in Purgatory. May they attain the joy of heaven, where they can intercede for us before God. In doing so, let us keep alive this beautiful tradition of faith, love, and hope in the Resurrection.

We mourn because we love. We pray because we believe. And we hope because Christ has conquered death.



ഇടയമൊഴി

ഫാ. ഷാജൻ ചീരമ്പൻ
വികാരി

മിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട എന്റെ ഇടവക ജനമേ,
വളരെ സന്തോഷത്തോടും സംതൃപ്തിയോടും കൂടിയാണ് അച്ചൻ ഈ സ്നേഹക്കത്ത് നിങ്ങൾക്ക് എഴുതുന്നത്.

നമുക്കെല്ലാവർക്കും അറിയാവുന്നതു പോലെ, പിതാവായ ദൈവത്തിന് ഒരു ആലയം, ഒരു ദേവാലയം പണിയുന്നതിനും അതിന് സാക്ഷ്യം വഹിക്കുന്നതിനും ഭാഗ്യം ലഭിച്ചവരാണ് നാം. ഇങ്ങനെയൊരു ദേവാലയത്തിന്റെ നിർമ്മാണത്തിൽ സഹകരിക്കാനും, അത് കാണാനും, അതിന്റെ ഭാഗമാകാനും ദൈവം നമ്മെ അനുവദിച്ചതിന്, നമ്മൾ ജീവിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ തന്നെ ഇത് സംഭവിച്ചതിന്, നമുക്ക് ദൈവത്തോട് ഒരുപോലെ നന്ദിയുള്ളവരായിരിക്കാം.

കല്ലിടൽ കർമ്മം:

എത്ര മനോഹരമായ കല്ലിടൽ കർമ്മമാണ് നമുക്ക് നിർവഹിക്കാൻ സാധിച്ചത്. അത് പൂർണ്ണമായും ദൈവാനുഗ്രഹമാണ്. അഭിവന്ദ്യ പിതാവ് കല്ലിടൽ കർമ്മം നിർവഹിച്ചതിന് ശേഷം, നമ്മുടെ വൈദികർ, നമ്മുടെ ഇടവകയിൽ നിന്നുള്ള വൈദികർ, ബഹുമാന്യരായ സിസ്റ്റേഴ്സ്, ഇടവക ജനം, അയൽവാസികൾ, നമ്മുടെ പഴയ പള്ളി പണിത പ്രായമായവർ അങ്ങനെ എല്ലാവർക്കും ഓരോ കല്ല് സ്ഥാപിക്കാൻ അവസരം ലഭിച്ചു. അത് മറക്കാനാവാത്ത ഓർമ്മയാണ്. നമ്മുടെ സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും അടിസ്ഥാന ശിലയായി, നമ്മുടെ ദേവാലയത്തിന്റെ അടിത്തറയിൽ അത് കാലാകാലത്തോളം നിലകൊള്ളും എന്നത് അഭിമാനകരവും അനുഗ്രഹീതവുമായ ഓർമ്മയാണ്.

ഗ്രേസ് ക്യാമ്പയിൻ:

സ്നേഹമുള്ളവരെ, രണ്ടാമതായി അച്ഛൻ ദൈവകൃപയായി കാണുന്ന ഒന്നാണ് നമ്മുടെ ഗ്രേസ് ക്യാമ്പയിൻ ഫോമുകൾ. നമ്മുടെ ദേവാലയ നിർമ്മാണത്തിന്റെ വിജയത്തിനായി - ഞാൻ ഇത്ര കുർബാനയിൽ പങ്കെടുക്കും, ഇത്ര ജപമാല ചൊല്ലും, കരുണക്കൊന്ത ചൊല്ലും, ഇത്ര ഉപവാസം അനുഷ്ഠിക്കും എന്നിങ്ങനെ നമ്മുടെ കുടുംബത്തിന്റെ പ്രാർത്ഥനാ വാഗ്ദാനങ്ങൾ നമ്മുടെ അഭിവന്ദ്യ പിതാവിന്റെ കൈകളിലേക്ക് സമർപ്പിച്ചപ്പോൾ, അത് സ്വർഗ്ഗത്തിൽ നിന്ന് കൃപ ഒഴുകുന്നതിന്റെ വ്യക്തമായ അടയാളമായി മാറി. മറ്റൊരു ഇടവകയിലും ഇല്ലാത്ത ഒരു ആത്മീയ ഒരുക്കമാണ് നമ്മുടെ ഈ ഗ്രേസ് ക്യാമ്പയിൻ. അതോർത്ത് നമുക്ക് സംതൃപ്തരാകാം

ദശാംശ സമർപ്പണം:

ദേവാലയവുമായി ബന്ധപ്പെട്ട് സംതൃപ്തി നൽകുന്ന മറ്റൊരു കാര്യം നമ്മുടെ ദശാംശ സമർപ്പണമാണ്. ആരെയും നിർബന്ധിക്കാതെ, പണത്തിനു വേണ്ടി സമ്മർദ്ദം ചെലുത്താതെ, എല്ലാവരും

സന്തോഷത്തോടെ ഹൃദയം തുറന്ന് നൽകി പണിയുന്ന ദേവാലയം. ദശാംശ സമർപ്പണത്തിലൂടെ മാത്രം പണിയുന്ന ഒരു ദേവാലയം എത്ര മനോഹരമാണ്. ഒരു കുടിശ്ശിക പോലും എഴുതിവെക്കാതെ, ജനത്തിന്റെ സമർപ്പണം ഹൃദയപൂർവ്വം ഒരുമിച്ച് ചേർത്ത് പിതാവായ ദൈവത്തിന് ഒരു ആലയം പണിയുന്ന ആ മനസ്സ് എത്ര വലുതാണ്. ഇത് നമ്മുടെ സ്നേഹ സമർപ്പണത്തിന്റെ ഒരു വലിയ സ്തംഭമായി എന്നും നിലകൊള്ളും.

ഇവിടെ നിന്ന് മാറിപ്പോയ എഡ്വിൻ അച്ചൻ അടുത്തിടെ എനിക്ക് ഒരു മെസ്സേജ് അയച്ചു. അത് വളരെ ഹൃദ്യമായിരുന്നു. ഒരു വിശുദ്ധന്റെ വചനം അദ്ദേഹം ഉദ്ധരിച്ചു: 'കല്ലിലും മണ്ണിലും ദേവാലയം പണിയുന്നതിന് മുൻപ്, മനുഷ്യന്റെ ഹൃദയത്തിൽ ദേവാലയം പണിയണം.'

എന്നിട്ട് എഡ്വിൻ അച്ചൻ എഴുതി: 'ഒരു കൊച്ചച്ചന് ഒരു വികാരിയച്ചന് കൊടുക്കാൻ കഴിയുന്ന ഏറ്റവും വലിയ സമ്മാനം... കല്ലിലും മണ്ണിലും പള്ളി പണിയുന്നതിന് മുൻപ്, ഗാന്ധിപുരം ഇടവകയിലെ ഓരോരുത്തരുടെയും മനസ്സിൽ ദേവാലയം പണിയാൻ സാധിച്ചത് ദൈവത്തിന്റെ വലിയ അനുഗ്രഹമാണ്.' അത് എനിക്ക് ഏറ്റവും ഹൃദ്യമായി തോന്നി. നമ്മുടെ ഹൃദയത്തോട് ചേർത്തുവെച്ച, നമ്മൾ എന്നും താലോലിക്കുന്ന സ്വപ്നമാണ് നമ്മൾ പണിയാൻ പോകുന്ന ഈ ദൈവാലയം.

നിർമ്മാണത്തിന്റെ തുടക്കം:

ദേവാലയത്തിന്റെ കല്ലിട്ടതിന് ശേഷം, ഒരു നല്ല കോൺട്രാക്ടറെ കണ്ടെത്താൻ കമ്മിറ്റിക്കാർ പരിശ്രമിക്കുകയായിരുന്നു. ദൈവകൃപയാൽ നമുക്ക് ഒരു നല്ല കോൺട്രാക്ടറെ ലഭിച്ചിരിക്കുന്നു. അദ്ദേഹം വഴി നവംബർ പകുതിയോടെ നമ്മുടെ ദേവാലയ നിർമ്മാണം ആരംഭിക്കുകയാണ്. നമുക്ക് എല്ലാവർക്കും പ്രാർത്ഥിക്കാം.

മിഷൻ സൺഡേയും പ്രാർത്ഥനാ ഒരുക്കങ്ങളും:

നമ്മുടെ മിഷൻ സൺഡേ ആഘോഷങ്ങൾ വളരെ മനോഹരമായിട്ടാണ് എല്ലാവരും ചേർന്ന് നടത്തിയത്. അമ്മമാർ, SMYM കുട്ടികൾ, പിതൃവേദി, ലൂർദ് വോയിസ്, അൾത്താര സംഘടന, CML, കാറ്റിക്കിസം, നമ്മുടെ കൈക്കാരന്മാർ, കമ്മിറ്റിക്കാർ അങ്ങനെ എല്ലാവരും ഒറ്റക്കെട്ടായി, ഒരു കുടുംബമായി നിന്ന വലിയ ആഘോഷമായിരുന്നു അത്.

ദേവാലയ നിർമ്മാണത്തിനായി നാം പ്രാർത്ഥിച്ച് ഒരുങ്ങുകയാണ്. നിങ്ങൾക്കറിയാവുന്നതുപോലെ, എല്ലാ രണ്ടാം വെള്ളിയാഴ്ചയും ജെറീക്കോ പ്രാർത്ഥനയുണ്ട്. എല്ലാ തിങ്കളാഴ്ചയും പ്രാർത്ഥനാ കൂട്ടായ്മയുടെ നേതൃത്വത്തിൽ ജെറീക്കോ പ്രാർത്ഥന, വ്യാഴാഴ്ചകളിൽ അമ്മമാരുടെ പ്രാർത്ഥന, ബുധനാഴ്ചകളിൽ പിതൃവേദിയുടെ പ്രാർത്ഥന എന്നിവയുണ്ട്. എല്ലാ ദിവസവും രാവിലെ വിശുദ്ധ കുർബാന കഴിഞ്ഞ് 40 മിനിറ്റ് ആരാധനയും, വൈകുന്നേരം 8:30ന് ജപമാലയും, ഇങ്ങനെ വിവിധ രീതികളിൽ നമ്മൾ പ്രാർത്ഥിച്ച് ഒരുങ്ങുകയാണ്.

ഏതാനും ദിവസങ്ങൾക്കുള്ളിൽ നമ്മൾ ഒരു ബൈബിൾ കൺവെൻഷനും പ്ലാൻ ചെയ്യുന്നുണ്ട്. അതെല്ലാം ഈ ദേവാലയ നിർമ്മാണത്തിന്റെ ഒരുക്കമായി, ദൈവകൃപയുടെ കാരണമായി തീരാൻ നമുക്ക് പ്രാർത്ഥിക്കാം.

എല്ലാവർക്കും പ്രാർത്ഥനയുടെ ഭാഗമാകാം. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം, നിങ്ങളുടെ വികാരിഅച്ചൻ



CAROL BELLS AT OUR DOORSTEPS

Fr. Norbert Joby Kavalakkat OFM Cap.

As the twilight bells of our Gandhipuram shrine chime across the evening rush, our parish enters Advent (ആഗമനകാലം & പിറവികാലം). The Church "makes present this ancient expectancy of the Messiah, for by sharing in the long preparation for the Savior's first coming, the faithful renew their ardent desire for his second coming" (CCC 524). Advent is not a hurried commercial countdown; it is a sacred pilgrimage to the spring of salvation (Is 12:3).

To our Children: The Vessel of Wonder

Jesus tells us: "Unless you turn and become like children, you will never enter the kingdom of heaven" (Mt 18:3). You are our Bethlehem star. This Advent, do not merely count calendar days; prepare a crib in your soul. With each kind deed and obedient smile at home, lay a soft straw of love for the Christ Child. Your humble trust teaches our parish how to welcome God.

To our Teens: The Vessel of Interior Stillness

In a noisy digital culture, Pope Francis reminds you: "All people are born as originals, but many die as photocopies" (Christus Vivit, 106). When screen feeds overwhelm you, heed the Scripture's call: "Be still, and know that I am God" (Ps 46:10). Step before the stillness that the crib offers. In silent prayer, discover that your worth is anchored in Christ's love, not in algorithmic applause.

To our Youth: The Vessel of Merciful Action

St. Paul charges you: "Let no one look down on you because you are young, but set an example... in love, in faith, in purity" (1 Tim 4:12). Advent vigilance is dynamic. The courage of St. Joseph and the bold "Yes" in the words of Mary reside in you. This should reach the lonely, lift the burdened,

and prove that "faith without works is dead" (Jas 2:26). Your boldness shows that the Gospel is vibrantly alive in the aura of Lourdes Forane Gandhipuram even today.

To our Elders: The Vessel of Enduring Prayer

You are our Simeons and Annas, who, like the prophetess, "never left the temple, worshiping with prayer night and day" (Lk 2:37). Pope Francis affirms: "The prayer of the elderly is a great gift for the Church." Your faithful rosaries are the spiritual bedrock sustaining our parish, and they play a pivotal role in building the New Church: "A church built on prayer." Your daily divine stance imparts to us holy patience; your steadfast vigil witnesses that God always fulfills His promises, even in this algorithmic age. Once again, let us dive deep into the mystery of the King of the Universe being born in our hearts.

With the warm wishes
Kochachan

ലൂർദ്ദ് വോയ്സ് താരിഫ്

1 YEAR - 6 ISSUES

ഫുൾ പേജ് – 2400.00,

ഹാഫ് പേജ് – 1200.00

1 year full page - 9000.00

(ഇടവകാംഗങ്ങൾക്ക് മാത്രം)

മറ്റുള്ളവർക്ക് – 13500.00

1 year half page - 4500.00

(ഇടവകാംഗങ്ങൾക്ക് മാത്രം)

മറ്റുള്ളവർക്ക് – 6250.00



ALL SAINTS' DAY
NOVEMBER 1ST - A FAMILY REUNION OF HEAVEN AND EARTH



TREESA
MONCY.C.F

Dear brothers and sisters in Christ,

Lets close our eyes and picture the faces of those who first taught us to pray: a grandmother who folded our small hands at bedtime, a father who quietly lit a candle before Our Lady, a neighbour who brought food when someone we loved had died. Their names were never carved in stone, yet through their faithful love, heaven touched our life. On All Saints' Day, the Church reminds us that holiness is not a distant dream for a chosen few. It has walked among us, eaten at our tables, and held our hands.

A Great Multitude No One Could Count

On November 1, we celebrate not one saint but all of them: the famous and the forgotten, the martyrs and the mothers, the young and the old. The feast grew from the early Christians' love for their martyrs. In the seventh century, Pope Boniface IV dedicated Rome's Pantheon, once a temple to many gods, to Our Lady and all the martyrs, and in time the whole Church came to keep this day as one great feast of holiness.

"After this I looked, and behold, a great multitude which no one could count, from every nation, from all tribes and peoples and tongues, standing before the throne and before the Lamb, clothed in white robes, with palm branches in their hands."- Revelation 7:9

That multitude is our family. When we profess "I believe in the communion of saints," we declare that death has not broken the bonds of love. The saints are living friends who pray for us and wait to welcome us home. On days when faith feels heavy and the road feels lonely, remember: we are never walking alone. A whole heaven is walking with us.

And the saints were not born perfect. Peter denied Jesus three times; Augustine wasted his youth while his mother Monica wept and prayed for him. What made them saints was not that they never fell, but that they never stopped returning to God's mercy. Holiness is found in the kitchen, the office, the classroom, and the quiet patience of everyday love.

Something New to Explore This Week

This year, let us step beyond the familiar names and make a new friend in heaven. Here are a few saints and simple practices we may not have explored before:

- Meet a saint from our own soil. Discover St. Alphonsa of Kerala, the first woman of Indian origin to be canonised, or St. Devasahayam Pillai, a layman who chose to die rather than deny Christ.
- Discover a modern saint. Read about St. Josephine Bakhita, a former slave who forgave those who hurt her, or St. Carlo Acutis, a teenager who used the internet to share his love for the Eucharist.
- Learn the story behind your name. Lets find our patron saint and read one page of their life this week.
- Become a hidden saint. Lets do one quiet act of kindness each day: a call to a lonely elder, a word of forgiveness, or a meal shared.

A Prayer for All Saints' Day

Lord Jesus, thank You for the saints who shine like stars in our world, and for the holy souls in our own families whose love led us to You. Give us their courage, their patience, and their joy, and one day gather us, with all our saints, into our Father's home. Amen.

"The saints are the sinners who kept on trying."

May this feast fill our heart with hope, and may we become, little by little, the saint God created us to be.



4TH YEAR OF REMEMBRANCE

Celebrating the loving memory of

JOHNY K L

06.12.1952 - 03.12.2022

KATTASSERY HOUSE

I have fought the good fight;
I have finished the race;
I have kept the faith.

2 TIMOTHY 4 : 7

ഇടവക വാർത്തകൾ

സകല വിശുദ്ധരുടെ തിരുനാൾ (നവംബർ 1)
നവംബർ ഒന്നാം തിയ്യതി സകല വിശുദ്ധരുടെയും തിരുനാൾ ആചരിക്കുന്നു. ഒരു വിശുദ്ധന്റെ സുകൃതമെങ്കിലും നമ്മുടെ ജീവിതത്തിൽ അനുകരിക്കാൻ ശ്രമിക്കാം.

മിഷൻ ഞായർ
നവംബർ ഒന്നാം തിയ്യതി ഞായറാഴ്ച മിഷൻ ഞായറായി ആചരിക്കുന്നു. അന്ന് രാവിലെ 7.30നായിരിക്കും വി. കുർബാന. രാവിലെ മറ്റ് കുർബാനകൾ ഒന്നും തന്നെ ഉണ്ടായിരിക്കുന്നതല്ല. അന്നേ ദിനത്തിൽ മാതൃവേദി, SMYM, Alter Boys എന്നീ സംഘടനകൾ നടത്തുന്ന ഫുഡ് സ്റ്റാളുകളും പിതൃവേദി ബിരിയാണി മേളയും നടത്തുന്നതായിരിക്കും. CML കുട്ടികൾ നടത്തുന്ന വിവിധ കളികളിൽ പങ്കുചേർന്നും, വസ്തുക്കൾ ലേലം വിളിച്ചും മിഷൻ ഞായർ അർത്ഥ പൂർണ്ണമാക്കാം.

മരിച്ചവരെ ഓർത്ത് പ്രാർത്ഥിക്കാം
സകല മരിച്ചവരുടെയും ഓർമ്മ ദിനമായ നവംബർ രണ്ടാം തിയതി മരിച്ചു പോയ എല്ലാവർക്കും പ്രത്യേകമായി നമ്മുടെ പ്രിയപ്പെട്ടവർക്കും പൂർവ്വീകർക്കും വേണ്ടി പ്രാർത്ഥിക്കുന്നു. നവംബർ രണ്ടാം തിയതി തിങ്കളാഴ്ച രാവിലെ 5.45ന് കരുണയുടെ ജപമാലയും തുടർന്ന് വിശുദ്ധ കുർബാനയും തിരുക്കർമ്മങ്ങളും സെമിത്തേരിയിൽ ഉണ്ടായിരിക്കും. വൈകീട്ട് 5.30ന് കരുണയുടെ ജപമാലയും തുടർന്ന് വി. കുർബാനയും തിരുക്കർമ്മങ്ങളും സെമിത്തേരിയിൽ ഉണ്ടായിരിക്കുന്നതാണ്. കല്ലറകൾ മനോഹരമായി അലങ്കരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഈ മാസം എല്ലാ ശനിയാഴ്ചകളിലും ദേവാലയത്തിലെ വി. കുർബാനയ്ക്കുശേഷം സെമിത്തേരി കപ്പേളയിൽ ഒപ്പീസ് ഉണ്ടായിരിക്കും.

വിശുദ്ധ ചാൾസ് ബൊറോമിയോയുടെ തിരുനാൾ
നവംബർ നാലാം തിയ്യതി വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ചാൾസ് ബൊറോമിയോയുടെ തിരുനാൾ ആചരിക്കുന്നു. എല്ലാ വിശ്വാസപരിശീലകർക്കും തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു. നവംബർ നാലാം തിയതി കഴിഞ്ഞുവരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ അധ്യാപകരുടെ കാഴ്ചസമർപ്പണവും ഉണ്ടായിരിക്കും. അവരുടെ ത്യാഗനിർഭരമായ ശുശ്രൂഷയെ അനുമോദിക്കേണ്ടതാണെന്ന് കുട്ടികളെ ഓർമ്മിപ്പിക്കുന്നു.

ശിശുദിനാശംസകൾ
നവംബർ 14ന് ശിശുദിനമായി ആചരിക്കുകയാണല്ലോ. അന്നേ ദിവസം വി. കുർബാനയ്ക്ക് എല്ലാ കുഞ്ഞുങ്ങളെയും കൊണ്ടുവരാൻ മാതാപിതാക്കൾ ശ്രദ്ധിക്കുമല്ലോ.

വിശുദ്ധ സിസിലിയുടെ തിരുനാൾ
നവംബർ 22ന് ഗായകസംഘത്തിന്റെ മദ്ധ്യസ്ഥയായ വിശുദ്ധ സിസിലിയുടെ

തിരുനാൾ ആചരിക്കുന്നു. നമ്മുടെ ഇടവകയിലെ Angel Wings Choir Teamന് തിരുനാൾ ആശംസകൾ.

തിരുമണിക്കൂർ

നവംബർ 13, ഡിസംബർ 11 എന്നീ ദിവസങ്ങളിൽ വൈകീട്ട് ആറുമണിയുടെ വി. കുർബാനയ്ക്കുശേഷം രാത്രി 9 മണി വരെ ആരാധന ഉണ്ടായിരിക്കുന്നതാണ്. ഈ സമയം കുടുംബം ഒന്നിച്ച് നമുക്ക് തമ്പുരാന്റെ മുമ്പിൽ ആയിരിക്കാം.

റോസാമിസ്റ്റിക്ക് മാതാവിന്റെ ദിവസം

നവംബർ 13 (വെള്ളി) വൈകീട്ട് ആറുമണിയുടെ കുർബാനയ്ക്കുശേഷവും ഡിസംബർ 13 (ഞായർ) വൈകീട്ട് 5.30ന്റെ കുർബാനയ്ക്കുശേഷവും റോസാമിസ്റ്റിക് മാതാവിന്റെ ജപമാല പ്രാർത്ഥനയും പ്രദക്ഷിണവും. നമുക്കൊന്നിച്ച് പരിശുദ്ധ അമ്മയുടെ കരങ്ങൾ പിടിച്ച് ഈശോയിലേക്ക് അടുക്കാം.

രൂപതാ ബൈബിൾ കൺവെൻഷൻ 2026

നവംർ 20,21,22 (വെള്ളി, ശനി, ഞായർ) തീയതികളിൽ രൂപതാ ബൈബിൾ കൺവെൻഷൻ നടത്തപ്പെടുന്നു. സാധിക്കുന്ന എല്ലാവരും പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

22-ാം തിയ്യതി ഞായറാഴ്ച

രൂപതാ തലത്തിൽ വിശ്വാസപരിശീലന ക്ലാസ്സുകൾക്ക് അവധിയാണ്. എല്ലാ കുട്ടികളും അദ്ധ്യാപകരും മുടക്കം കൂടാതെ കൺവെൻഷനിൽ പങ്കെടുക്കുന്നതിനുവേണ്ടിയാണ് ഈ അവധി. ബൈബിൾ കൺവെൻഷനിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് മാത്രമായിരിക്കും അന്നത്തെ Attendance ലഭിക്കുക. കുട്ടികൾ കൺവെൻഷനിൽ പങ്കെടുക്കുന്നുണ്ട് എന്നത് അധ്യാപകർ ഉറപ്പുവരുത്തുകയും വരാത്ത കുട്ടികളുടെ കാരണവിവരങ്ങൾ തിരക്കി വികാരിയച്ചനെ അറിയിക്കുകയും ചെയ്യണം.

മിശിഹായുടെ രാജത്വ തിരുനാൾ

ആരാധനക്രമ വത്സരത്തിലെ അവസാനത്തെ കാലമായ പള്ളിക്കൂദാശകാലത്തിന്റെ അവസാനത്തെ ഞായറാഴ്ചയാണ് (നവംബർ 22, 2026) ക്രിസ്തുരാജന്റെ തിരുനാൾ. ഈശോമിശിഹാ തന്റെ മണവാട്ടിയായ സഭയെ അവസാന വിധിക്കുശേഷം പിതാവിന് സമർപ്പിക്കുന്നതിനെയും പിതാവ് പുത്രനെ സർവ്വത്തിന്റെയും അധികാരിയായി; രാജാവായി വാഴിക്കുന്നതിനെയും ഓർത്ത് ധ്യാനിക്കുന്ന തിരുനാളാണ് രാജത്വതിരുനാൾ.

ക്രിസ്തുമസ് ഒരുക്കങ്ങൾ

ഡിസംബർ ഒന്നു മുതൽ 25 വരെ സുകൃതജപങ്ങൾ ചൊല്ലിയും ചെറിയ പരിത്യാഗങ്ങൾ ചെയ്തും നോമ്പ് എടുത്തും അനുദിന വിശുദ്ധ കുർബാനയിൽ പങ്കെടുത്തും നമ്മുടെ ഹൃദയത്തിലും ഭവനങ്ങളിലും പുൽക്കൂടുകൾ ഒരുക്കിയും നക്ഷത്രങ്ങൾ തൂക്കിയും ഉണ്ണിയേശുവിനെ വരവേൽക്കാം. ഉണ്ണീശോയ്ക്കു കൊടുക്കുവാനായി നമുക്ക് സമ്മാനങ്ങൾ ഒരുക്കാം. എല്ലാവർക്കും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ക്രിസ്തുമസ് ആശംസകൾ.

ക്രിസ്തുമസ് കരോൾ

* ഈ വർഷവും പതിവുപോലെ SMYM നേതൃത്വത്തിൽ ക്രിസ്തുമസ് കരോൾ ഉണ്ടായിരിക്കുന്നതാണ്.
* എല്ലാ യൂണിറ്റ് അംഗങ്ങൾക്കും ഇതിൽ പങ്കെടുക്കുവാൻ അവസരമുണ്ട്. യൂണിറ്റ് അംഗങ്ങളെല്ലാം യൂണിറ്റിലെ എല്ലാ വീടുകളിലും SMYM അംഗങ്ങളോടൊപ്പം സന്ദർശിക്കുവാൻ ശ്രദ്ധിക്കുക.
* കരോളിന്റെ ഷെഡ്യൂൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

മാതാവിന്റെ അമലോത്ഭവ തിരുനാൾ

ഡിസംബർ 8ന് മാതാവിന്റെ അമലോത്ഭവ തിരുനാൾ ആചരിക്കുന്നു. എല്ലാവർക്കും പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം തേടി പ്രാർത്ഥിക്കാം.

പുൽക്കൂട് നിർമ്മാണം

കഴിഞ്ഞ ആഴ്ച നടന്ന നറുക്കെടുപ്പ് പ്രകാരം ഈ വർഷത്തെ പുൽക്കൂട് ഒരുക്കേണ്ടത് സെന്റ് അൽഫോൻസ യൂണിറ്റ് ആയിരുന്നു. എന്നാൽപ്രതിനിധിയോഗത്തിൽ എടുത്ത തീരുമാനപ്രകാരം ഇനിവരുന്ന 3 വർഷങ്ങളിൽ സംഘടനകൾ പുൽക്കൂട് ഒരുക്കേണ്ടതാണ്. അതനുസരിച്ച് ഈ വർഷത്തെ പുൽക്കൂട് പിതൃവേദി ഒരുക്കുന്നതായിരിക്കും.

ക്രിസ്തുമസ് തിരുക്കർമ്മങ്ങൾ

ഡിസംബർ 24 (വ്യാഴം) രാത്രി 10 മണിക്ക് തിരുപിറവിയുടെ കർമ്മങ്ങൾ ദേവാലയത്തിൽ ആരംഭിക്കുന്നു.

* ഉണ്ണീശോയുടെ പിറവിക്കുശേഷം നമ്മൾ ദേവാലയത്തിന്റെ പുറത്തേക്കു പോകുന്നു.
* പുറത്തുവെച്ച് തീ അഴിച്ചിലും തുടർന്ന് പ്രദക്ഷിണവും ഉണ്ടായിരിക്കും.
* പ്രദക്ഷിണത്തിനുശേഷം തിരുക്കർമ്മങ്ങൾ ദേവാലയത്തിൽ തുടരുന്നു.
* വി. കുർബാനയ്ക്കുശേഷം Christmas Cake Cutting and Programmes.
* ഡിസംബർ 25ന് രാവിലെ 7 മണിക്ക് വി. കുർബാന ഉണ്ടായിരിക്കും. വൈകീട്ട് 6 മണിക്കുള്ള വി. കുർബാന ഉണ്ടായിരിക്കുന്നതല്ല.

കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ

നിഷ്കളങ്ക ശിശുക്കളുടെ രക്തസാക്ഷിത്വത്തോടനുബന്ധിച്ച് ഡിസംബർ 27-ാം തിയതി ഞായറാഴ്ച വൈകീട്ട് ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കായി ഇടവകതലത്തിൽ പുഞ്ചിരിമത്സരം നടത്തുന്നതായിരിക്കും. ഡിസംബർ 28നാണ് കുഞ്ഞിപൈതങ്ങളുടെ തിരുനാൾ സഭ ആഘോഷിക്കുന്നത്. ദൈവം കനിഞ്ഞു നൽകിയ മക്കളെ പൂർണ്ണമായും ഉണ്ണീശോയ്ക്ക് സമർപ്പിക്കാം. അഞ്ചുവയസ്സും അതിനു താഴെയുള്ള എല്ലാ കുഞ്ഞുങ്ങളെയും അന്നേദിവസം വി. കുർബാനയിൽ പങ്കെടുപ്പിക്കാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

പുതുവത്സരാഘോഷം

വീണ്ടും ഒരു പുതുവത്സരത്തിലേക്ക് നാം പ്രവേശിക്കാൻ ഒരുങ്ങുകയാണല്ലോ. നമ്മുടെ ലക്ഷ്യങ്ങൾ, സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ഒരവസരം കൂടി. പരാജയങ്ങൾ മറന്ന് കഠിനമായ പരിശ്രമത്തിലൂടെ ജീവിത വിജയം സ്വന്തമാ

ക്കാം. തമ്പുരാൻ നൽകിയ അനുഗ്രഹങ്ങളെ ഓർത്ത് നന്ദി പറയാം. ഈ പുതുവർഷം തമ്പുരാനോട് കൂടുതൽ ചേർന്നു നിൽക്കുവാൻ പരിശ്രമിക്കാം. ഏവർക്കും പുതുവർഷാശംസകൾ

സർവ്വീസ് അവാർഡ്

വിശ്വാസപരിശീലകരുടെ 15വർഷത്തെ നിസ്തുലസേവനത്തിനുള്ള അവാർഡ് കരസ്ഥമാക്കിയ Mr. റോബിൻ ജോണിക്ക് ഇടവകയുടെ ആശംസകൾ. അർപ്പണബോധത്തോടെയുള്ള റോബിന്റെ സേവനം എന്നും പ്രചോദനമാണ്. ഇനിയും അനേകം വർഷം ഈ മഹത്തായ ശുശ്രൂഷയിൽ തുടരുവാൻ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

അഭിനന്ദനങ്ങൾ

ലോഗോസ് ക്വിസിൽ നമ്മുടെ രൂപതയിൽ ഇ വിഭാഗത്തിൽ 99 മാർക്കോടെ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ റോമിയോ അലോഷ്യസിനും, ഡി വിഭാഗത്തിൽ 99 മാർക്കോടെ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ പ്രീതി ജെയിംസിനും, എഫ് വിഭാഗത്തിൽ 96 മാർക്കോടെ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ജെയ്സി ജേക്കബിനും ഇടവകയുടെ പേരിലുള്ള അഭിനന്ദനങ്ങൾ. ഇടവക തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ റോമിയ അലോഷ്യസിനും, പ്രീതി ജെയിംസിനും രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ജെയ്സി ജേക്കബിനും മൂന്നാം സ്ഥാനം കരസ്ഥമാക്കിയ ബേബി ഡേവിസിനും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും.

എട്ട് നോമ്പ് ആചരണം.

പരിശുദ്ധ അമ്മയുടെ ജനന തിരുനാളിനോടനുബന്ധിച്ച് നടന്ന എട്ടു നോമ്പ് ഭക്തി സാന്ദ്രമായി ആഘോഷിച്ചു. തിരുനാൾ ദിവസങ്ങളിൽ വിശുദ്ധ കുർബാന ഏറ്റെടുത്ത് നടത്തിയവർക്കും, നേർച്ച സ്പോൺസർ ചെയ്തവർക്കും, വേളാങ്കണ്ണി മാതാവിന്റെ കപ്പേള അലങ്കരിച്ച മാതൃവേദി അംഗങ്ങൾക്കും, മാതാവിന്റെ തിരുസ്വരൂപം അലങ്കരിച്ചവർക്കും, കൈക്കാരന്മാർക്കും, കമ്മിറ്റി അംഗങ്ങൾക്കും സ്നേഹത്തോടെ നന്ദി.

ജപമാല മാസം

ജപമാല മാസമായ ഒക്ടോബർ മാസം നമ്മുടെ ദേവാലയത്തിൽ ഓരോ യൂണിറ്റുകളും സംഘടനകളും ചേർന്ന് 10 ദിവസത്തെ പരിശുദ്ധ അമ്മയുടെ ജപമാലയും അവസാന ദിവസം അഖണ്ഡജപമാലയും ആഘോഷപൂർവ്വം നടത്തുകയുണ്ടായി. ഇതിനുവേണ്ടി പ്രവർത്തിച്ച എല്ലാ യൂണിറ്റ് ഭാരവാഹികൾക്കും, യൂണിറ്റ് അംഗങ്ങൾക്കും, സംഘടനകൾക്കും, ബഹു. സിസ്റ്റേഴ്സിനും, കപ്യാരുമാർക്കും, ഡെക്കറേഷൻ ചെയ്തവർക്കും, ഗായകസംഘത്തിനും, എല്ലാ കൈക്കാരന്മാർക്കും ഒത്തിരി നന്ദി.

ദൈവാലയ ശുചീകരണം

സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ദൈവാലയം വൃത്തിയാക്കിയ സെന്റ് വിൻസെന്റ് ഡി പോൾ, സെന്റ് പീറ്റർ യൂണിറ്റ് അംഗങ്ങൾക്ക് നന്ദി. നവംബർ, ഡിസംബർ മാസങ്ങളിൽ ദൈവാലയം വൃത്തിയാക്കേണ്ടത് സെന്റ് ജോസഫ്, സെന്റ് ജോർജ്ജ് യൂണിറ്റുകളാണ്.

ദൈവാലയ അടിസ്ഥാന ശിലാസ്ഥാപനം

ലൂർദ്ദ് ഫൊറോന ദൈവലായത്തിന്റെ പുനർനിർമ്മാണത്തോടനുബന്ധിച്ചുള്ള അടിസ്ഥാനശിലാസ്ഥാപനം സെപ്തംബർ 6-ാം തിയ്യതി ആഘോഷമായി നടത്തപ്പെട്ടു. പുതിയ ദൈവാലയത്തിനുവേണ്ടിയുള്ള അടിസ്ഥാന ശിലാസ്ഥാപനം വ്യത്യസ്തവും ആത്മീയവുമായ ഒരനുഭവമായിരുന്നു. പഴയ ദൈവാലയത്തിന്റെ സക്രാരിയിൽ ഈ ഇടവകയിലെ എല്ലാ കുടുംബങ്ങളുടെയും പേരുകൾ എഴുതിയ ലാമിനേറ്റഡ് പേപ്പർ നിക്ഷേപിക്കുകയും അടിസ്ഥാന ശിലാസ്ഥാപനത്തിനായ് സജ്ജമാക്കിയ കുഴിയിൽ ആദ്യം ഈ സക്രാരി സ്ഥാപിക്കുകയും ചെയ്തു. ഇതിന്റെ മുകളിലാണ് അടിസ്ഥാന ശിലാസ്ഥാപനം നടത്തിയത്.

അഭിവന്ദ്യ പോൾ ആലപ്പാട്ട് പിതാവ് മുഖ്യകാർമ്മികനായി അടിസ്ഥാന ശിലാസ്ഥാപനം നിർവ്വഹിച്ചു. അതിനുശേഷം ഈ ഇടവകയുടെ മക്കളായ വൈദീകരും സിസ്റ്റേഴ്സും ദൈവാലയത്തിനായി ശിലാസ്ഥാപനം നടത്തുകയുണ്ടായി. പഴയ ദൈവാലയ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കുകൊണ്ട പഴയ തലമുറയെ ആദരിക്കുകയും അവരെക്കൊണ്ട് ശിലാസ്ഥാപനം നടത്തിക്കുകയും ചെയ്തു. തുടർന്ന് ഇടവക ജനവും, ജാതിമത ഭേദമെന്യേ ദൈവാലയത്തിന്റെ അയൽവാസികളും കൺസ്ട്രക്ഷൻ കമ്മിറ്റി അംഗങ്ങളും ദൈവാലയ ശിലാസ്ഥാപനം നടത്തുകയുണ്ടായി. അങ്ങിനെ എല്ലാവർക്കും കല്ലിടാനുള്ള അവസരം ഒരുക്കുകയും എല്ലാവരും കല്ലിട്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തതിനുശേഷം മാതൃകാപരമായ രീതിയിൽ നമ്മുടെ കൊച്ചച്ചനും വല്ല്യച്ചനും ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. പരി. അമ്മയെ ഈ നാടിന്റെ അമ്മയായി നെഞ്ചിലേറ്റിയതിന്റെ പ്രതീകമായിരുന്നു ഈ അടിസ്ഥാന ശിലാസ്ഥാപനകർമ്മം.

മിഷൻ ഞായർ

നവംബർ 1-ാം തിയ്യതി ഞായറാഴ്ച മിഷൻ ഞായറായി ആചരിച്ചു. അന്നേദിനത്തിൽ മാതൃവേദി, SMYM, Alter Boys എന്നീ സംഘടനകൾ ഫുഡ് സ്റ്റാൾ നടത്തിയും പിതൃവേദി ബിരിയാണി മേള നടത്തിയും സിഎംഎൽ കുട്ടികൾ പലവിധ കളികൾ നടത്തിയും, വസ്തുക്കൾ ലേലം വിളിച്ചും മിഷൻ ഞായർ അർത്ഥപൂർണ്ണമായി നടത്തി. ലേല വസ്തുക്കൾ കൊണ്ടുവന്നവർക്കും, ലേലം വിളിച്ചവർക്കും പങ്കെടുത്ത എല്ലാ ഇവടകക്കാർക്കും നന്ദിയും അഭിനന്ദനങ്ങളും. ലേലം കമ്മിറ്റി കൺവീനർ ഷാജു മാത്യുവിനും കമ്മിറ്റി അംഗങ്ങളായ വി.എം. ആന്റണി, സി.ഒ. പൗലോസ്, വിൻസെന്റ് വെള്ളാനിക്കാരൻ എന്നിവർക്കും കൈക്കാരന്മാർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ഫാമിലി ക്വിസ് 2026

ഒക്ടോബർ 17-ാം തിയ്യതി രാമനാഥപുരം രൂപതയുടെ നേതൃത്വത്തിൽ ഇടവകകളിൽ നടത്തപ്പെട്ട ഫാമിലി ക്വിസിൽ നമ്മുടെ ഇടവകയിലെ 3 കുടുംബങ്ങൾ പങ്കെടുത്തു. കുടുംബങ്ങൾ ഒന്നിച്ചിരുന്ന് പഠിക്കുന്നതിനും, പുതിയ അറിവുകൾ നേടുന്നതിനും വിശ്വാസത്തിൽ വളരുന്നതിനും ഈ ക്വിസ് ഒരു പ്രോത്സാഹനമായിരുന്നു. പങ്കെടുത്ത കുടുംബങ്ങൾക്ക് നന്ദി.

LOURDES FORANE CHURCH GANDHIPURAM

NEW KAIKARS ELECTED 2026



Antony KC



Polson CF



Joffy Jose





A DAY WITH DIVINE MERCY
ST. JOSEPH UNIT



Antony David & Family - Dec. 7, 2026 (Mon)
Antony C G & Family - Dec. 8, 2026 (Tue)
Babu Antony & Family - Dec. 9, 2026 (Wed)
Babu C T & Family - Dec. 10, 2026 (Thu)
Benny George & Family - Dec. 11, 2026 (Fri)
Celina Jacob & Family - Dec. 12, 2026 (Sat)
Francis P V & Family - Dec. 14, 2026 (Mon)
Franklin C F & Family - Dec. 15, 2026 (Tue)
George E R & Family - Dec. 16, 2026 (Wed)
George T A & Family - Dec. 17, 2026 (Thu)
Ignatius T G & Family - Dec. 18, 2026 (Fri)
Jessie Francis & Family - Dec. 19, 2026 (Sat)
Johnson E A & Family - Dec. 21, 2026 (Mon)
Johnson K P & Family - Dec. 22, 2026 (Tue)
Johnson K V & Family - Dec. 23, 2026 (Wed)
Johnson T G & Family - Dec. 24, 2026 (Thu)
Jose P O & Family - Dec. 26, 2026 (Sat)
Josephina Lawrence & Family - Dec. 28, 2026 (Mon)
Lissy George & Family - Dec. 29, 2026 (Tue)
Mary Wilson & Family - Dec. 30, 2026 (Wed)
Mercy Xavier & Family - Dec. 31, 2026 (Thu)
Micheal C C & Family - Jan. 1, 2027 (Fri)
Mohan Joseph & Family - Jan. 2, 2027 (Sat)
Raphael K K & Family - Jan. 4, 2027 (Mon)
Roy C C & Family - Jan. 5, 2027 (Tue)
Shiny George & Family - Jan. 7, 2027 (Thu)
Simon M F & Family - Jan. 8, 2027 (Fri)
Thomas M K & Family - Jan. 9, 2027 (Sat)
Thomas Prabhu & Family - Jan.11, 2027 (Mon)

A DAY WITH DIVINE MERCY
ST. THOMAS UNIT



Annie Jose & Family - Nov. 17, 2026 (Tue)

Antony & Family - Nov. 18, 2026 (Wed)

Babu P D & Family - Nov. 19, 2026 (Thu)

Benny V I & Family - Nov. 20, 2026 (Fri)

Biju Paul & Family - Nov. 21, 2026 (Sat)

Elizabeth Jose & Family - Nov. 23, 2026 (Mon)

Elsy Antony & Family - Nov. 24, 2026 (Tue)

Fenila Joju & Family - Nov. 25, 2026 (Wed)

Gracy & Family - Nov. 26, 2026 (Thu)

James M A & Family - Nov. 27, 2026 (Fri)

James P J & Family - Nov.28, 2026 (Sat)

Joby & Family - Nov. 30, 2026 (Mon)


Mary Anthappan & Family - Dec. 1, 2026 (Tue)

Mary Joseph & Family - Dec. 2, 2026 (Wed)

Peter & Family - Dec. 3, 2026 (Thu)

Sunny & Family - Dec. 4, 2026 (Fri)

Wilson Francis & Family - Dec. 5, 2026 (Sat)



5th year
Death Anniversary
04.12.2026

MR. JOSE M.V.

Marokky House

Born : 16.02.1943 Died : 04.12.2021

"We believe that Jesus died and rose again, even so, through Jesus, God will bring with him those who have died."
(1 Thessalonians 4:14))

By Sorrowing Family



18–ാം ചരമവാർഷികം

ഡി. അന്തോണി

കുണ്ടുകുളങ്ങര ഹൗസ്

ജനനം : 25.12.1929

മരണം : 06.11.2008

39-B, Mary Bhavanam, Checkan Thottam,
Ganapathy, Coimbatore - 641 006

Joy, Josephina, Lilly, Thomas Prabhu

ഓർമ്മിക്കേണ്ട ദിവസങ്ങൾ

നവംബർ 2026

01. സകല വിശുദ്ധരുടെ തിരുനാൾ
02. സകല മരിച്ചവരുടെ ഓർമ്മ
05. വിശുദ്ധ സഖറിയ, വിശുദ്ധ ഏലീശ
21. മാർത്തോമാശ്ലീഹായുടെ ഭാരതപ്രവേശനം
    പരിശുദ്ധ കന്യകാമറിയത്തിന്റെ സമർപ്പണം
22. വിശുദ്ധ സിസിലി
    മിശിഹായുടെ രാജത്വ തിരുനാൾ
29. വിശുദ്ധ അന്ത്രയോസ് ശ്ലീഹ

ഡിസംബർ 2026

01. ഇരുപത്തഞ്ചു നോമ്പാരംഭം
03. വിശുദ്ധ ഫ്രാൻസീസ് സേവ്യർ
07. വിശുദ്ധ അംബ്രോസ്
08. പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ
14. കുരിശിന്റെ വിശുദ്ധ യോഹന്നാൻ
21. മൈലാപ്പൂരിലെ അത്ഭുത സ്ലീവ
25. നമ്മുടെ കർത്താവീശോമിശിഹായുടെ പിറവിത്തിരുന്നാൾ
    (കടമുള്ള ദിവസം)
26. വിശുദ്ധ എസ്തപ്പാനോസ്
27. വിശുദ്ധ യോഹന്നാൻ ശ്ലീഹ
28. കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം)
31. വർഷാവസാനം

പ്രവേശന കൂദാശകൾ

ചീരൻ ഫെലിക്സിന്റേയും ജോവിനയുടെയും മകൾ MICHELLE (MARY) 12.09.2026ന് പ്രവേശനകൂദാശ സ്വീകരിച്ചു.

സുധീഷ് കുമാർ ഷിജോയുടെയും നിഷയുടെയും മകൻ JOSHUA (MATHEW) 14.10.2026ന് പ്രവേശനകൂദാശ സ്വീകരിച്ചു.

കടക്കംപിള്ളി നിബിന്റെയും മിനുവിന്റെയും മകൻ IZAAK (KURIAKOSE) 21.10.2026ന് പ്രവേശനകൂദാശ സ്വീകരിച്ചു.



വിവാഹാശംസകൾ

